# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ഒക്ടോബർ 18, ചൊവ്വ

## നമ്പർ 25

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം

റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടേയും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകളുടേയും വിലത്തകർച്ച കാരണം കാർഷിക മേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യത്തെപ്പറ്റി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. എം. മാണി ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) ഇടുക്കി ജില്ലയിലെ ചില പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും മരം മുറിക്കുന്നതിനും ഏർപ്പെടുത്തിയതായി പറയപ്പെടുന്ന നിയന്ത്രണങ്ങൾമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എസ്. രാജേന്ദ്രൻ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് വയോജനങ്ങൾ, പ്രത്യേകിച്ച് വൃദ്ധകൾ, അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതങ്ങളും അരക്ഷിതാവസ്ഥയും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എം. കെ. മുനീർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1341/2016(i).

<u>ചട്ടം 304 പ്രകാരം സഭയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ജോൺ ഫെർണാണ്ടസ് | എറണാകുളം ജില്ലയിലെ വ്യവസായ ശാലകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. ആർ. രാജേഷ് | പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ടി. ബൽറാം | ചെരുപ്പൂരിൽ മാനസികരോഗിയായ സ്ത്രീയെ പീഡിപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. ടി. വി. ഇബ്രാഹിം | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. ബി. ഡി. ദേവസ്സി | പ്രാചീനകലയായ 'ഓണംകളി' പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. കെ. സി. മമ്മത് കോയ | സഹകരണ സംഘങ്ങൾക്ക് തുറമുഖങ്ങളിലെ മണൽ നീക്കുന്നതിനുള്ള മാനുവൽ ഡ്രഡ്ജിംഗിന് അനുമതി നൽകുന്നത് സംബന്ധിച്ച് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. പി. ടി. തോമസ് | കാക്കനാട് സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. റോജി എം. ജോൺ | അങ്കമാലി താലൂക്കാശുപത്രിയിൽ ട്രോമ കെയർ യൂണിറ്റും മറ്റ് ഭൗതിക സൗകര്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. അന്വർ സാദത്ത് | ചിത്രപ്പുഴ പാലത്തിന്റേയും ഇരുമ്പനം റെയിൽവേ ഓവർബ്രിഡ്ജിന്റേയും ടോൾ പിരിവ് പിൻവലിക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്ത് വച്ച കടലാസുകൾ:

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു:

ചട്ടം 47(2) പ്രകാരം:

പതിമൂന്നാം കേരളനിയമസഭയുടെ ആറാം സമ്മേളനത്തിലെ 2373, ഒമ്പതാം സമ്മേളനത്തിലെ 3801, പതിമൂന്നാം സമ്മേളനത്തിലെ 2208, പതിനാറാം സമ്മേളനത്തിലെ 99, പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 290, 1542, 1565 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും

റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

ധനകാര്യം

2016-2017 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ചു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സഭയുടെ മേശപ്പുറത്ത് വച്ചു. XX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 6, 7, 9, 10, 13, 14, 15, 16, 26, 28, 30, 31 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 6, 8, 10, 11, 12, 14, 15, 22, 26, 27, 29, 30, 31 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ശശീന്ദ്രൻ

" പി. ടി. തോമസ്

" ചിറ്റയം ഗോപകുമാർ

" പി. സി. ജോർജ്

" കെ. ഡി. പ്രസേനൻ

" എൻ. എ. നെല്ലിക്കുന്ന്

" കെ. കൃഷ്ണൻകുട്ടി

ഡോ. എൻ. ജയരാജ്

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, അൻവർ സാദത്ത്

,, കാരാട്ട് റസാഖ്

,, എം. ഉമ്മർ

,, എം. മുകേഷ്

,, വി. കെ. സി. മമ്മത് കോയ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ വോട്ടിനിടുകയും തള്ളിയതായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം ധനാഭ്യർത്ഥനകൾ വോട്ടിനിടുകയും സഭ പാസ്സാക്കുകയും ചെയ്തു.

2016 ഒക്ടോബർ 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.32-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, October 18, 2016.*

**No. 25**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Four questions in the list of questions posted for the day were answered orally.

*Adjournment Motion :*

After hearing the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri K. M. Mani, regarding the serious situation reported to have arisen in the agriculture sector consequent on the fall in price of cash crops including rubber as well as agricultural crops including rice.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

*Calling Attention :*

(1) Shri S. Rajendran called the attention of the Minister for Revenue and Housing to solve the difficulties being experienced in construction activities and felling of trees due to the restrictions reportedly being imposed in certain regions of Idukki District. The Minister made a statement thereto.

(2) Dr. M. K. Muneer called the attention of the Minister for Health and Social Justice to the necessity to solve the miseries and insecurity reportedly being experienced by the aged people, especially women, in the State. The Minister made a statement thereto.

KNPP. 1341/2016(ii).

*Matters raised in the House under Rule 304 :*

The matters raised by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ജോൺ ഫെർണാണ്ടസ് | എറണാകുളം ജില്ലയിലെ വ്യവസായ ശാലകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. ആർ. രാജേഷ് | പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ടി. ബൽറാം | ചെരുപ്പൂരിൽ മാനസികരോഗിയായ സ്ത്രീയെ പീഡിപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. ടി. വി. ഇബ്രാഹിം | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. ബി. ഡി. ദേവസ്സി | പ്രാചീനകലയായ 'ഓണംകളി' പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. കെ.സി. മമ്മത് കോയ | സഹകരണ സംഘങ്ങൾക്ക് തുറമുഖങ്ങളിലെ മണൽ നീക്കുന്നതിനുള്ള മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നൽകുന്നത് സംബന്ധിച്ച് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. ടി. തോമസ് | കാക്കനാട് സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. റോജി എം. ജോൺ | അങ്കമാലി താലൂക്കാശുപത്രിയിൽ ട്രോമ കെയർ യൂണിറ്റും മറ്റ് ഭൗതിക സൗകര്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി. |
| 9 | ശ്രീ. അനൂപ് ജേക്കബ് | ചിത്രപ്പുഴ പാലത്തിലെയും ഇരുമ്പനം റെയിൽവേ ഓവർബ്രിഡ്ജിലെയും ടോൾ പിരിവ് പിൻവലിക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Minister concerned made statements in the respective subjects.

*Papers laid on the table :*

The following papers were laid on the table as per Rule 47(2):

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2373, ഒമ്പതാം സമ്മേളനത്തിലെ 3801, പതിമൂന്നാം സമ്മേളനത്തിലെ 2208, പതിനാറാം സമ്മേളനത്തിലെ 99, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 290, 1542, 1565 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകളും.

*Presentation of Report :*

The Periodical Report of Subject Committee XIV as on 31st March, 2016 was presented.

*Financial Business :*

Discussion and voting on Demands for Grants in the Revised Budget for the financial Year 2016-2017

Shri Mathew T. Thomas, Minister for Water Resources moved Demand No. XX—Water Supply and Sanitation and Demand No. XXXVIII—Irrigation

for the amounts shown respectively against them under column 9 in the list of Demands for Grants. Prof. C. Raveendranath, Minister for Education, as authorised by the Minister for Finance and Coir, laid on the Table the statement under rule 236 (3) relating to Demand Nos. XX and XXXVIII.

Cut Motion Nos. 1, 2, 3, 5, 6, 7, 9, 10, 13, 14, 15, 16, 26, 28, 30, 31 in the list of cut motions under Demand No. XX and cut motions No. 1, 2, 4, 5, 6, 8, 10, 11, 12, 14, 15, 22, 26, 27, 29, 30, 31 in the list of cut motions under Demand No. XXXVIII were moved.

The following Members took part in the discussion:

Shri C. K. Saseendran

" P. T. Thomas

" Chittayam Gopakumar

" P. C. George

" K. D. Presenan

" N. A. Nellikkunnu

" K. Krishnankutty

Dr. N. Jayaraj

Smt. Veena George

Shri Anoop Jacob

" Mullakkara Ratnakaran

" Anwar Sadath

" Karat Razak

" M. Ummer

" M. Mukesh

" V. K. C. Mammed Koya

" Thiruvanchoor Radhakrishnan.

Shri Mathew T. Thomas, Minister for Water Resources replied to the points raised during the discussion. The cut motions moved were declared lost. Then the Demands were put to vote and passed.

The House adjourned at 3.32 p.m. to meet again at 8.30 a.m. on Wednesday, October 19, 2016.

V. K. BABU PRAKASH,

*Secretary.*